(എ) ഖാദി ബോർഡിന്റെ കീഴിൽ പാലക്കാട്, ആലത്തൂർ താലൂക്കിലെ കുളവൻമുക്കിലുള്ള തേൻ സംസ്കരണ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ഉദ്ദേശമുണ്ടോ;

(ബി) പ്രസ്തുത കേന്ദ്രത്തിലെ താല്ക്കാലിക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ അംഗീകരിക്കാനും അവരുടെ സുരക്ഷിതത്വം ഉറപ്പാക്കാനും നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ജീവനക്കാർക്ക് ജീവിതച്ചെലവിനനുസരിച്ചുള്ള കൂലി വർദ്ധനവ് നടപ്പ് വർഷം നടപ്പിലാക്കാൻ കഴിയുമോയെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്

(ബി&സി) ഉൽപ്പാദനക്ഷമതയും ഖാദി ബോർഡിന്റെ നിർദ്ദേശവും കണക്കിലെടുത്ത് മാത്രമേ ഇക്കാര്യം പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

## 2011-2016 കാലയളവിലെ വ്യവസായങ്ങൾ

86 (1623) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ സംസ്ഥാനത്ത് അടച്ചുപൂട്ടിയ വ്യവസായങ്ങൾ ഏതെല്ലാമാണെന്നും അവ അടച്ച് പൂട്ടിയതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് പുതിയതായി ആരംഭിച്ച വ്യവസായ സംരംഭങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## ക്വാറികൾ

87 (1624) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ അനധികൃതമായി പാറ പൊട്ടിക്കലും ക്രഷർ നടത്തുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly